# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1255 — 01.07.2015 ൽ മറുപടിയ്ക്ക്

### ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാവേലിസ്റ്റോർ

**ചോദ്യം**

ശ്രീ. ബി. സത്യൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണ മെന്നാവശ്യപ്പെട്ട് എം.എൽ.എ യും മുനിസിപ്പാലിറ്റിയും നൽകിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത മാവേലിസ്റ്റോറുകൾ എന്നു മുതൽ പ്രവർത്തനം ആരംഭിക്കു വാനാണ് തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

(എ) യും (ബി) യും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ 4 സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷ 06.12.2014 ൽ സപ്ലൈകോയിൽ ലഭിക്കുകയും, പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാമാനേജർക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന തിന് അനുയോജ്യമായി കാണുന്നത്. അതു പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിയ്ക്ക് ആറ്റിങ്ങൽ ഡിപ്പോയിൽ നിന്ന് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഇതു സംബന്ധിച്ച് മറുപടി ഒന്നും ലഭിച്ചിട്ടില്ല. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നിന്നുള്ള മറുപടി ലഭിയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത മറുപടിയുടെയും, ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

Beena

സെക്ഷൻ ഓഫീസർ